**പതിമൂന്നാംകേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1280 13.06.2013 - ൽ മറുപടിക്ക്**

**വലിച്ചാൽ പാലം നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള വലിച്ചാൽ പാലം പുനർ നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | ആദ്യത്തെ കരാർ പ്രകാരം പ്രവൃത്തി തടസ്സപ്പെട്ടതിനാൽ വർക്ക് ടെർമിനേറ്റ് ചെയ്യുകയും ബാക്കി പണി നടത്തുന്നതിന് റീടെണ്ടർ ചെയ്യുകയും ചെയ്തു. ബാക്കി പ്രവൃത്തി എടുത്ത കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടില്ല. എങ്കിലും പണി തുടങ്ങി. പക്ഷേ ആദ്യത്തെ കരാറുകാരൻ ഹൈക്കോടതി യിൽ കേസ് ഫയൽ ചെയ്തതുമൂലം പണി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച കേസ് കോടതികളിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | രണ്ട് കേസ് നിലവിലുണ്ട്. ഒരു കേസ് ആദ്യ കരാറുകാരനായ ശ്രീ.വൈ.സ്ലീബാച്ചൻ, ചരുവിള വീട്, ചെങ്ങമനാട്, കൊട്ടാരക്കര എന്നയാൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തതും (W.P.(C)No.6823/2012) രണ്ടാമത്തെ കേസ് പാലം പണി പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശത്തിനു വേണ്ടി റാന്നി എം.എൽ.എ. ശ്രീ.രാജു എബ്രഹാം, ബഹു. ഹൈക്കോടതിയിൽ W.P.(C)7105/2013 തീയതി 14.03.2013 പ്രകാരം ഫയൽ ചെയ്തതുമാണ്. |
| (സി) | അപകടാവസ്ഥയിലുള്ള പാലം പൊളിച്ചുമാറ്റാനും, ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള രണ്ട് കേസുകളുടെ അന്തിമ വിധി ആയതിനു ശേഷം മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ